ജില്ലാന്തര സ്ഥലംമാറ്റ വ്യവസ്ഥകളിൽ ഇളവ്

77 [2509] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, *കെ. കെ. ഷാജു:*

,, *എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാന്തര സ്ഥലംമാറ്റങ്ങൾക്ക് അഞ്ചുവർഷ കാലാവധി എന്ന മാനദണ്ഡം നിലവിലുള്ളതുകൊണ്ട് ഉദ്യോഗസ്ഥർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരമൊരു വ്യവസ്ഥ തുടരുന്നതിന്റെ പ്രസക്തി പുനഃപരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് സമാന തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിലേക്കുള്ള ജില്ലാന്തര മാറ്റത്തിന് അഞ്ചുവർഷ കാലാവധിയിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ജില്ലാന്തര മാറ്റങ്ങൾക്ക് മ്യൂച്ചൽ ട്രാൻസ്ഫർ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) & (ബി) കാലപരിധി കൂടാതെയുള്ള ജില്ലാന്തര സ്ഥലമാറ്റങ്ങൾമൂലം ചില ജില്ലകളിൽ ചില തസ്തികകളിൽ ഉദ്യോഗസ്ഥരുടെ ദൗർലഭ്യം അനുഭവപ്പെട്ടിരുന്നു. പി.എസ്.സി. റാങ്ക്‌ലിസ്റ്റുകളിൽ നിന്നുള്ള നിയമനങ്ങളെയും ഇത് ദോഷമായി ബാധിച്ചിരുന്നു. ഇത്തരത്തിൽ സംജാതമായ സ്ഥിവിശേഷം ഒഴിവാക്കുവാനാണ് ജില്ലാന്തര സ്ഥലമാറ്റങ്ങൾക്ക് അഞ്ച് വർഷകാലാവധി എന്ന മാനദണ്ഡം ഏർപ്പെടുത്തിയത്. എന്നാൽ മലയോരപ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികളുടെ ദൗർലഭ്യം കണക്കിലെടുത്ത്, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലേക്കുള്ള അന്തർജില്ലാ സ്ഥലമാറ്റങ്ങൾക്കും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലേക്കും മേൽപറഞ്ഞ കാലപരിധി ഒഴിവാക്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ഉദ്യോഗസ്ഥർ നേരിടുന്ന ഇക്കാര്യത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ സഹായകരമാണ്.

(സി) & (ഡി) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

ബാങ്കുകൾ നൽകിയ വായ്പകൾ

78 [2510] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിക്ഷേപങ്ങൾ, ഐ.സി.ഐ.സി.ഐ. ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, സെഞ്ചുറിയൻ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly